# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 117* 20.3.2012 ൽ മറുപടിക്ക്

## ടെണ്ടർ വ്യവസ്ഥയിൽ മാറ്റം

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി:
,, എം. എ. ബേബി:
,, സി. കൃഷ്ണൻ:
ശ്രീമതി കെ. എസ്. സലീഖ:

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ)പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇത് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിൽ പ്രീ ക്വാളിഫിക്കേഷൻ വർക്കുകൾക്ക് ഇ - ടെണ്ടറിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനനുസൃതമായി പ്രീ-ക്വാളിഫിക്കേഷൻ വർക്കുകളുടെ ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ബി) കെ.എസ്. ടി. പിയുടെ കാര്യത്തിൽ പ്രസക്തമായ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ടി.പി ടെണ്ടർ വ്യവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. കെ.എസ്.ടി.പി പരീക്ഷണാടിസ്ഥാനത്തിൽ 5 വർഷക്കാലത്തെ റോഡു പരിപാലനം ഉൾപ്പെടുത്തി 4 കോൺട്രാക്ടുകൾ നടപ്പിലാക്കി വരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ആയതുകൊണ്ട് പരിചയസമ്പന്നരായ കരാറുകാർ വരണമെന്നും ഉന്നത നിലവാരത്തിലുള്ള നിർമ്മാണം പുലർത്തണമെന്നും ഉള്ളതുകൊണ്ട് ഒന്നിൽ കൂടുതൽ ചെറിയ റോഡുകൾ ഉൾപ്പെടുത്തി പാക്കേജാക്കി ലോക ബാങ്കിന്റെ നിയമങ്ങൾക്കനുസൃതമായി ടെണ്ടർ ചെയിതിട്ടുണ്ട്.

(സി) ഇതുമൂലം ഇടത്തരം കരാറുകാരെ ഒഴിവാക്കി വൻകിടക്കാർക്കുമാത്രം അവസരം ലഭിക്കുന്ന അവസ്ഥ ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(സി) ഇല്ല. മുൻപുണ്ടായിരുന്ന ടെണ്ടർ വ്യവസ്ഥകളിൽ ഇ-ടെണ്ടറിംഗ് നടപ്പിൽ വരുത്തുന്നതിന് വേണ്ടിയുള്ള മാറ്റങ്ങൾ മാത്രമേ വരുത്തിയിട്ടുള്ളൂ. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർക്കുള്ള യോഗ്യതാമാനദണ്ഡങ്ങളിൽ യാതൊരു വിധ മാറ്റങ്ങളും നടപ്പിലാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ